REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 21-06-2025

സമയം 06.45 AM
(8.00 AM TODAY)

## പ്രധാന വാർത്തകൾ

- യോഗയിൽ ഒന്നിച്ച് ലോകം. കോടിക്കണക്കിന് ആളുകളുടെ ജീവിതശൈലിയുടെ ഭാഗമായി യോഗ മാറിയെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. വിശാഖപട്ടണത്ത് ദേശീയ യോഗാദിന ചടങ്ങിന് പ്രധാനമന്ത്രി നേതൃത്വം നൽകി.
- കേന്ദ്രസഹമന്ത്രിമാരായ ജോർജ്ജ് കുര്യൻ തിരുവനന്തപുരത്തും സുരേഷ്ഗോപി കൊച്ചിയിലും രാംദാസ് അത്താവാലെ മലപ്പുറത്തും യോഗാ പരിപാടികളിൽ പങ്കെടുത്തു.
- ഓപ്പറേഷൻ സിന്ധുവിൽ ഇറാനിൽ നിന്ന് ഒഴിപ്പിച്ച 290 ഇന്ത്യക്കാരുമായി ഒരു വിമാനം കൂടി പുലർച്ചെ ഡൽഹിയിലെത്തി.
- സംസ്ഥാനത്ത് റേഷൻകടകൾ വഴി മണ്ണെണ്ണ വിതരണം ഇന്ന് ആരംഭിക്കും.
- പാരീസ് ഡയമണ്ട് ലീഗ് ജാവലിൻ ത്രോയിൽ ഇന്ത്യൻ താരം നീരജ് ചോപ്രയ്ക്ക് കിരീടം.
- ഇന്ത്യ-ഇംഗ്ലണ്ട്, ടെസ്റ്റ് ക്രിക്കറ്റ് പരമ്പരയിലെ രണ്ടാം ദിവസം മൂന്ന് വിക്കറ്റിന് 359 റൺസെന്ന നിലയിൽ ഇന്ത്യ ബാറ്റിംഗ് പുനരാരംഭിക്കും.

## വാർത്തകൾ വിശദമായി

ചുരുങ്ങിയ കാലം കൊണ്ട് ലോകം മുഴുവൻ വ്യാപിച്ച യോഗയ്ക്ക് കോടിക്കണക്കിന് ആളുകളുടെ ജീവിതശൈലിയുടെ ഭാഗമായി മാറാനായെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി പറഞ്ഞു. ജാതി, മത, വർഗ, പ്രായ ഭേദമന്യേ ലോകത്തെല്ലാവരും യോഗയെ സ്വീകരിച്ചു. യോഗ സാമൂഹ്യ ഉത്സവം ആയി മാറണമെന്നും സ്വയം ക്ഷേമത്തിൽ നിന്ന് പരിസ്ഥിതി ക്ഷേമത്തിലേക്കും സാമൂഹ്യ ക്ഷേമത്തിലേക്കും യോഗ ജനതയെ നയിക്കുമെന്നും പ്രധാനമന്ത്രി വിശാഖപട്ടണം RK ബീച്ചിലെ ദേശീയതല യോഗാദിന പരിപാടിയിൽ പറഞ്ഞു.

.......PM VOICE......

തപാൽ വകുപ്പിന്റെ അന്താരാഷ്ട്ര യോഗദിന സ്മാരക സ്റ്റാമ്പും ചടങ്ങിൽ പ്രധാനമന്ത്രി പുറത്തിറക്കി.

✪✪✪

മൂന്ന് ലക്ഷത്തോളം പേർ യോഗാ പ്രോട്ടോക്കോൾ പ്രകാരം പ്രധാനമന്ത്രിക്കൊപ്പം യോഗാഭ്യാസത്തിൽ പങ്കു ചേർന്നു. 11,000-ത്തിലേറെ നാവികസേനാ ഉദ്യോഗസ്ഥരും കേന്ദ്ര സഹമന്ത്രി പ്രതാപ് റാവു ജാദവ് ആന്ധ്രപ്രദേശ് മുഖ്യമന്ത്രി N.ചന്ദ്രബാബു നായിഡു എന്നിവരും പ്രധാനമന്ത്രി ക്കൊപ്പം യോഗാ പരിപാടിയിൽ പങ്കെടുത്തു.

യോഗാ സംഗമ സംരഭത്തിൽ രാജ്യത്ത് പത്തുലക്ഷത്തിലേറെ കേന്ദ്രങ്ങളിൽ രണ്ട് കോടിയിലേറെ പേർ യോഗാഭ്യാസത്തിൽ പങ്കാളികളായെന്നാണ് കണക്ക്. ഈ അവസരം ആഘോഷമാക്കുന്നതിന് ആന്ധ്രാപ്രദേശ് ഗവൺമെന്റ് ഗിന്നസ് ലോക റെക്കോർഡിനും ശ്രമിക്കുന്നുണ്ട്.

ന്യൂഡൽഹി കർത്തവ്യപഥിൽ കേന്ദ്രമന്ത്രി JP.നദ്ദ യോഗാ പരിപാടികൾക്ക് നേതൃത്വം നൽകി. 109 കേന്ദ്രങ്ങളിൽ യോഗാ ചടങ്ങുകൾ സംഘടിപ്പിച്ചിരുന്നു. ഉധംപൂരിൽ രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിംഗും യോഗാ ചടങ്ങിൽ പങ്കെടുത്തു.

ഇന്ത്യക്കൊപ്പം വിദേശരാജ്യങ്ങളിലും യോഗാ ദിന പരിപാടികൾ പുരോഗമിക്കുകയാണ്.

✪✪✪

തിരുവനന്തപുരത്ത് കേന്ദ്രസഹമന്ത്രി ജോർജ് കുര്യൻ യോഗാ പരിപാടി ഉദ്ഘാടനം ചെയ്തു. ലോക സമാധാനത്തിന് പ്രാധാന്യമേറിയ ഇക്കാലത്ത് ശരീരത്തിന്റേയും, മനസ്സിന്റേയും നിയന്ത്രണം സാധ്യമാക്കുന്ന യോഗ വളരെ ഗുണം ചെയ്യുമെന്ന് കേന്ദ്ര സഹമന്ത്രി ജോർജ്ജ് കുര്യൻ പറഞ്ഞു. ലോകത്തെ

ചരാചരങ്ങളെല്ലാം സംരക്ഷിക്കപ്പെടേണ്ടതാണെന്ന സന്ദേശമാണ് യോഗ ദിന പ്രമേയത്തിലൂടെ ലോകത്തിന് ഭാരതം നൽകുന്ന സന്ദേശമെന്നും കേന്ദ്ര സഹമന്ത്രി പറഞ്ഞു.

എറണാകുളത്ത് ഇന്ത്യാ ടൂറിസം സംഘടിപ്പിച്ച യോഗാ പരിപാടിയിൽ കേന്ദ്രസഹമന്ത്രി സുരേഷ് ഗോപി പങ്കെടുത്തു. പരിപാടിയ്ക്ക് മുന്നോടിയായി സുരേഷ്ഗോപി വൃക്ഷതൈകളും വിതരണം ചെയ്തു. മലപ്പുറത്ത് കേന്ദ്രമന്ത്രി രാംദാസ് അത്താവാലെ ആണ് നേതൃത്വം നൽകിയത്.

കണ്ണൂരിൽ വൈകിട്ട് യോഗാ അസോസിയേഷൻ കണ്ണൂർ ജില്ലാ കമ്മിറ്റിയുടെ നേതൃത്വത്തിൽ മെഗായോഗാ പ്രദർശനവും യോഗ ഫ്യൂഷൻ ഡാൻസും സംഘടിപ്പിച്ചിട്ടുണ്ട്. പോലീസ് മൈതാനം ടർഫിൽ മന്ത്രി KN.ബാലഗോപാൽ ഉദ്ഘാടനം ചെയ്യും.

✪✪✪

ഭാരതീയ ചികിത്സാ വകുപ്പ്, നാഷണൽ ആയുഷ് മിഷൻ, ആയുർവേദ മെഡിക്കൽ അസോസിയേഷൻ ഓഫ് ഇന്ത്യയും യോഗ ദിനാചരണത്തിന്റെ ഭാഗമായി രാവിലെ കോഴിക്കോട് താലൂക്ക് കോൺഫറൻസ് ഹാളിൽ യോഗ പരിശീലനം സംഘടിപ്പിച്ചു. ഇൻഡോർ സ്റ്റേഡിയത്തിൽ ടീം യോഗ കാലിക്കറ്റും യോഗാ പരിപാടി സംഘടിപ്പിച്ചിരുന്നു.

BJP കോഴിക്കോട് ജില്ലാ കമ്മറ്റി മാരാർജി ഭവനിൽ സംഘടിപ്പിക്കുന്ന യോഗ ദിന പരിപാടിയിൽ ദേശീയ വൈസ് പ്രസിഡന്റ് AP അബ്ദുല്ലക്കുട്ടി, സംസ്ഥാന ജനറൽ സെക്രട്ടറി MT രമേശ് തുടങ്ങിയവർ സംബന്ധിച്ചു.

വൈകിട്ട് NIT കാലിക്കറ്റിന്റെ നേതൃത്വത്തിൽ കൊളത്തറ കാലിക്കറ്റ് ഹയർസെക്കന്ററി സ്കൂൾ ഫോർ ഹാൻഡികാപ്പിഡിൽ മെഡിറ്റേഷൻ ക്ലാസ് സംഘടിപ്പിച്ചിട്ടുണ്ട്.

തലശ്ശേരി കേന്ദ്രീയ വിദ്യാലയത്തിൽ സെൻട്രൽ ബ്യൂറോ ഓഫ് കമ്മ്യൂണിക്കേഷൻ രാവിലെ യോഗാദിന ചടങ്ങുകൾ സംഘടിപ്പിക്കും. തലശ്ശേരി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡണ്ട് CP അനിത ഉദ്ഘാടനം ചെയ്യും.

✪✪✪

കണ്ണൂർ തളാപ്പ് ചിന്മയ മിഷൻ കോളേജിൽ രാവിലെ യോഗ ദിനാചാരണത്തിൽ BJP നേതാക്കളായ PK കൃഷ്ണദാസ്, KK വിനോദ് കുമാർ എന്നിവർ പങ്കെടുത്തു.

✪✪✪

പ്രധാനമന്ത്രി നരേന്ദ്ര മോദി ഒഡീഷയിൽ ഇന്നലെ 18,600 കോടി രൂപയുടെ വികസന പദ്ധതികൾക്ക് തുടക്കം കുറിച്ചു. ഒഡീഷയിലെ ആദ്യ BJP ഗവൺമെന്റിന്റെ ഒന്നാം വാർഷികത്തിന്റെ ഭാഗമായി ഭുവനേശ്വറിൽ സംഘടിപ്പിച്ച പൊതു റാലിയെ പ്രധാനമന്ത്രി അഭിസംബോധന ചെയ്തു. ബിജു പട്നായിക് അന്താരാഷ്ട്ര വിമാനത്താവളത്തിൽ നിന്ന് ജനതാ റാലിയിലേക്ക് പ്രധാനമന്ത്രി മെഗാ റോഡ്ഷോയും നടത്തി.

'ഒഡീഷ വിഷൻ ഡോക്യുമെന്റ്- 2036' പ്രധാനമന്ത്രി പുറത്തിറക്കി.

✪✪✪

ഓപ്പറേഷൻ സിന്ദൂർ ഭീകരവാദികൾക്കും അവരെ പിന്തുണയ്ക്കുന്നവർക്കും ശക്തമായ സന്ദേശം നൽകിയതായി രാജ്യരക്ഷാമന്ത്രി രാജ്നാഥ് സിംഗ് അറിയിച്ചു. പുതിയ ഇന്ത്യ ഭീകരവാദത്തിന്റെ ഇരയായി തുടരില്ലെന്നും ശക്തമായി പ്രതികരിക്കുമെന്നും ഇതിലൂടെ വ്യക്തമായെന്നും അദ്ദേഹം ഉധംപൂരിൽ പറഞ്ഞു. വടക്കൻ കമാൻഡിലെ സൈനികരുമായി സംവദിക്കുകയായിരുന്നു രാജ്നാഥ് സിംഗ്. പാകിസ്ഥാനിലേയും പാക് അധീന കശ്മീരിലേയും ഭീകര കേന്ദ്രങ്ങളെ നശിപ്പിച്ച ഇന്ത്യൻ സേനയുടെ ധീരതയും കൃത്യതയും ഏകോപനവും മികച്ചതായിരുന്നുവെന്നും രാജ്നാഥ് സിംഗ് പറഞ്ഞു.

✪✪✪

ഓപ്പറേഷൻ സിന്ധുവിന്റെ ഭാഗമായി ഇറാനിൽ നിന്ന് ഒഴിപ്പിച്ച 290 ഇന്ത്യക്കാരുമായി ഒരു വിമാനം കൂടി പുലർച്ചെ ഡൽഹിയിലെത്തി. ഇറാനിലെ സംഘർഷ മേഖലയിൽ നിന്ന് ഇന്ത്യൻ പൗരന്മാരെ സുരക്ഷിതമായി മറ്റിടങ്ങളിലേക്ക് മാറ്റുന്ന നടപടി എംബസി തുടരുകയാണ്. ഇറാനിലെ ഇന്ത്യക്കാർ ടെഹ്റാനിലെ എംബസിയുമായി ബന്ധപ്പെട്ടു കൊണ്ടിരിക്കണമെന്ന് നിർദേശം നൽകിയിട്ടുണ്ട്. സാധ്യമായ മാർഗങ്ങളിലൂടെ എല്ലാവരേയും തിരികെയെത്തിക്കാൻ ശ്രമം പുരോഗമിക്കുകയാണ്. ഇതിനായി ഹെൽപ് ലൈൻ നമ്പറുകളും കൺട്രോൾ റൂമുകളും ആരംഭിച്ചിട്ടുണ്ട്.

✪✪✪

അഹമ്മദാബാദ് വിമാനാപകടത്തിൽ മരിച്ച 231 പേരുടെ DNA സാമ്പിളുകൾ തിരിച്ചറിഞ്ഞു. 210 മൃതദേഹങ്ങൾ കുടുംബങ്ങൾക്ക് കൈമാറിയതായി അഹമ്മദാബാദ് സിവിൽ ആശുപത്രി മെഡിക്കൽ സൂപ്രണ്ട് ദ അറിയിച്ചു.

✪✪✪

സംസ്ഥാനത്ത് റേഷൻകടകൾ വഴി മണ്ണെണ്ണ വിതരണം ഇന്ന് ആരംഭിക്കും. അന്ത്യോദയ കാർഡുകാർക്ക് ഒരു ലിറ്ററും മറ്റുകാർഡുടമകൾക്ക് അര ലിറ്റർ വീതവുമാണ് മണ്ണെണ്ണ നൽകുന്നുത്. ലിറ്ററിന് 61 രൂപയാണ് വില. വൈദ്യുതി കണക്ഷൻ ഇല്ലാത്ത കാർഡുടമകൾക്ക് ആറ് ലിറ്റർ മണ്ണെണ്ണ ലഭിക്കും.

✪✪✪

സംസ്ഥാനത്ത് നാളെമുതൽ ചിലയിടങ്ങളിൽ ശക്തമായ മഴയ്ക്ക് സാധ്യതയുണ്ടെന്ന് കേന്ദ്രകാലാവസ്ഥാ വകുപ്പ് മുന്നറിയിപ്പ് നൽകി. നാളെ 7 ജില്ലകളിൽ മഞ്ഞ ജാഗ്രതാ നിർദേശമുണ്ട്. ആലപ്പുഴ, എറണാകുളം, തൃശൂർ, മലപ്പുറം, കോഴിക്കോട്, കണ്ണൂർ, കാസർകോട് ജില്ലകളിലാണ് മഞ്ഞ ജാഗ്രത.

✪✪✪

വെള്ളക്കെട്ടിനെ തുടർന്ന് ഇന്ന് ആലപ്പുഴ കുട്ടനാട് താലൂക്കിലെ പ്രൊഫഷണൽ കോളേജുകൾ ഒഴികെ എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും അങ്കണവാടികൾക്കും ട്യൂഷൻ സെൻററുകൾക്കും ജില്ലാ കളക്ടർ അവധി നൽകി. നേരത്തെ നിശ്ചയിച്ച പരീക്ഷകൾക്ക് മാറ്റമില്ല.

കോട്ടയം ജില്ലയിൽ ദുരിതാശ്വാസ ക്യാമ്പുകൾ പ്രവർത്തിക്കുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും ഇന്ന് അവധിയാണ് .

✪✪✪

നവംബർ ഒന്ന് മുതൽ കേരളത്തിൽ റവന്യൂ കാർഡുകൾ ലഭ്യമാക്കുമെന്ന് മന്ത്രി K.രാജൻ അറിയിച്ചു. വെള്ളരിക്കുണ്ട് കിനാനൂർ സ്മാർട്ട് വില്ലേജ് ഓഫീസ് കെട്ടിടത്തിന്റെ നിർമ്മാണ പ്രവർത്തികൾ ഓൺലൈനായി ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി. മുട്ടത്തൊടി, ചെങ്കള, ഗ്രൂപ്പ് വില്ലേജ് ഓഫീസ് കെട്ടിടത്തിന്റെ നിർമ്മാണവും മന്ത്രി ഉദ്ഘാടനം ചെയ്തു.

✪✪✪

മന്ത്രി O.R കേളു ഇന്ന് പട്ടിക ജാതി പട്ടിക വർഗ ഫണ്ട് ഉപയോഗിച്ച് കാസർകോട് പനത്തടി കല്ലപ്പള്ളിയിൽ നിർമ്മിച്ച വീടുകളുടെ താക്കോൽ കൈമാറും. രാവിലെ കാഞ്ഞങ്ങാട് ടൗൺ ഹാളിലെ പൊതു പരിപാടിയിൽ പങ്കെടുക്കുന്ന മന്ത്രി വൈകിട്ട് കൊന്നക്കാട്ടും പൊതു പരിപാടിയിൽ പങ്കെടുക്കും. തുടർന്ന് പയ്യറാട്ട് ചീമേനി കമ്മ്യൂണിറ്റി ഹാൾ അദ്ദേഹം നാടിന് സമർപ്പിക്കും. ചെറുവത്തൂർ ഗവൺമെന്റ് ITI യുടെ കെട്ടിടവും മന്ത്രി ഉദ്ഘാടനം ചെയ്യും.

✪✪✪

ഇന്ത്യ-ഇംഗ്ലണ്ട്, ടെണ്ടുൽക്കർ-ആൻഡേഴ്സൺ ട്രോഫി അഞ്ചു മത്സര ടെസ്റ്റ് ക്രിക്കറ്റ് പരമ്പരയിലെ ആദ്യ മത്സരത്തിൽ ഒന്നാം ദിനമായ ഇന്നലെ ഇന്ത്യ മൂന്ന് വിക്കറ്റ് നഷ്ടത്തിൽ 359 റൺസെടുത്തു. 127 റൺസെടുത്ത് ശുഭ്മാൻ ഗില്ലും 65 റൺസുമായി റിഷഭ് പന്തുമാണ് ക്രീസിൽ. മത്സരം ഉച്ച കഴിഞ്ഞ് മൂന്നരയ്ക്ക് പുനരാരംഭിക്കും.

✪✪✪

പാരീസ് ഡയമണ്ട് ലീഗ് ജാവലിൻ ത്രോയിൽ ഇന്ത്യൻ താരം നീരജ് ചോപ്രയ്ക്ക് കിരീടം. ആദ്യ ത്രോയിൽ തന്നെ 88.16 മീറ്ററാണ് നീരജ് എറിഞ്ഞത്. ജർമനിയുടെ ജൂലിയൻ വെബ്ബർ രണ്ടാമതെത്തി. ഡയമണ്ട് ലീഗിൽ ആദ്യമായാണ് നീരജ് ഒന്നാം സ്ഥാനം നേടുന്നത്.

✪✪✪

കാലടി ശ്രീശങ്കരാചാര്യ സർവകലാശാലയിലെ ജെൻഡർ ഇക്വിറ്റി ഇൻസ്റ്റിറ്റ്യൂട്ടും സർവകലാശാല മുഖ്യ ക്യാമ്പസിലെ ഉന്നത വിദ്യാഭ്യാസ ശില്പശാലയും മന്ത്രി ഡോ. R ബിന്ദു ഉദ്ഘാടനം ചെയ്തു. സർവകലാശാലയിൽ വിവർത്തന പഠനകേന്ദ്രം ആരംഭിക്കുമെന്ന് അവർ അറിയിച്ചു. സംസ്ഥാന ഗവൺമെന്റ് സർവകലാശാലകളിൽ ആരംഭിക്കുന്ന മികവിന്റെ കേന്ദ്രങ്ങൾ പദ്ധതിയിൽ കേരള ലാംഗ്വേജ് നെറ്റ് വർക്കിന്റെ ഉപകേന്ദ്രം എന്ന നിലയിലായിരിക്കും ഇതിന്റെ പ്രവർത്തനം.

✪✪✪

സംസ്ഥാന ഗവൺമെന്റിന്റെ വിജ്ഞാനകേരളം ജനകീയ തൊഴിൽ ക്യാമ്പയിനിന്റെ ഭാഗമായ മെഗാ തൊഴിൽമേള കണ്ണൂർ ഗവ. എൻജിനിയറിങ് കോളേജിൽ രാവിലെ മന്ത്രി KN ബാലഗോപാൽ ഉദ്ഘാടനം ചെയ്യും. 150-ലധികം കമ്പനികൾ പങ്കെടുക്കുന്ന മൊഴിൽമേളയിൽ 445 തൊഴിൽ വിഭാഗങ്ങളിലായി 35,000 ത്തിലധികം ഒഴിവുകളുണ്ട്.

✪✪✪

കോഴിക്കോട് മെഡിക്കൽ കോളേജിലെ മൈക്രോബയോളജി വിഭാഗത്തിൽ പ്രവർത്തിക്കുന്ന HIV ടെസ്റ്റിങ് ലാബിന് ISO നിലവാരപ്രകാരം NABL അംഗീകാരം ലഭിച്ചു. 2024 മുതൽ മുൻകാല പ്രാബല്യത്തോടെയാണ് അംഗീകാരം. ഇതിന് പിന്നിൽ പ്രവർത്തിച്ച മെഡിക്കൽ കോളേജ് ടീമിനെ മന്ത്രി വീണാ ജോർജ് അഭിനന്ദിച്ചു.

ലാബിൽ OP ടിക്കറ്റോ റഫറലുകളോ ഇല്ലാതെ സൗജന്യമായാണ് HIV ടെസ്റ്റ് നടത്തുന്നത്. തുടർചികിത്സക്ക് ആവശ്യമായ CD 4 ടെസ്റ്റും വൈറൽലോഡ് ടെസ്റ്റും സൗജന്യമായി നടത്തുന്നുണ്ട്.

✪✪✪

കോഴിക്കോട്ട് രണ്ടിടങ്ങളിൽ നിന്ന് 24 കിലോ കഞ്ചാവ് പിടികൂടി. പണിക്കർ റോഡിലെ കടമുറിയിൽ നിന്ന് 22 കിലോയും നടക്കാവിൽ നിന്ന് 2 കിലോയുമാണ് പിടികൂടിയത്.

✪✪✪

കൊച്ചി - ധനുഷ്കോടി ദേശീയ പാതയിലെ ദേവികുളം ടോൾ പ്ലാസയിലെ ടോൾ നിരോധന ഉത്തരവ് സബ് കളക്ടർ പിൻവലിച്ചു. ആംബുലൻസിനും, ഫയർ എൻജിനും അടക്കം അടിയന്തര വാഹനങ്ങൾക്ക് കടന്നു പോകാൻ സൗകര്യം ഒരുക്കിയെന്ന് ബന്ധപ്പെട്ട സ്ഥാപനം അറിയിച്ചതിനെ തുടർന്നാണിത്.

✪✪✪

*News Editor : പി ചന്ദ്രബാബു*
*News Reader: അനിൽ ചന്ദ്രൻ*
*CNRT:രജ്ന കെ*
*DEO : സി കെ സുബോധ്*